# ഒരു വിശ്വാസ കാര്യം

**ശാഫി സ്വലാഹി ചങ്ങലീരി**

ഒരു വിശ്വാസ കാര്യത്തെ കുറിച്ച് ഇമാം ശാഫിഈ(റ) ഉദ്ധരിച്ച ഹദീസിനെ സംബന്ധിച്ച് പരിശോധിക്കാം.

അല്ലാഹുവിനെ കുറിച്ചുള്ള നമ്മുടെ സമൂഹത്തിന്റെ വിശ്വാസത്തിൽ തെറ്റായ ഒന്നാണ്, അല്ലാഹു സർവ്വ വ്യാപിയാണ് എന്ന വിശ്വാസം. അഥവാ, ഈ ലോകത്തിന്റെ ഓരോ കോണിലും (മൂത്രപ്പുര, കക്കൂസ്, മദ്യഷാപ്പ്.... തുടങ്ങിയ സ്ഥലങ്ങളുൾപ്പടെ എല്ലാ സ്ഥലത്തും) നിറഞ്ഞു നിൽക്കുകയാണെന്ന വിശ്വാസം! യഥാർത്ഥത്തിൽ അല്ലാഹുവിനെ കുറിച്ച് ഇങ്ങനെ വിശ്വസിക്കുന്നത് ശരിയല്ല. ഇത് പറയുമ്പോൾ ഇപ്പറഞ്ഞ സ്ഥലങ്ങളുമായൊന്നും അല്ലാഹുവിന് ബന്ധമില്ല എന്ന് തെറ്റിദ്ധരിക്കരുത്. ഈ ലോകത്തുള്ള ഓരോ മൺതരികൾ പോലും അല്ലാഹുവിന്റെ അതിസൂക്ഷ്മമായ നിരീക്ഷണത്തിലും നിയന്ത്രണത്തിലും ആധിപത്യത്തിലും തന്നെയാണ്. മാത്രമല്ല, അവൻ സ്ഥലങ്ങളെയും സമയങ്ങളെയും കാലങ്ങളെയും സൃഷ്ടിച്ചവനാണ്. അതുകൊണ്ടു തന്നെ അവൻ അവക്കെല്ലാം അതീതനുമാണ്. അതിനാൽ അവന് ഒരു നിശ്ചിത സ്ഥലം (നാം സങ്കൽപിക്കുന്ന തരത്തിൽ) നിർണയിച്ചുകൂടാത്തതാണ്. എങ്കിലും അല്ലാഹു എവിടെയാണ് എന്നതിന് അവൻ ഉപരിലോകത്താണ് അഥവാ ഈ ലോകത്തിന്റെയും ഉപരിയിലാണ് എന്ന് പറയാനും വിശ്വസിക്കാനുമാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ഇക്കാര്യം വ്യക്തമാക്കുന്ന ഒരു ഹദീസ് ഇമാം ശാഫിഈ(റ) തന്നെ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. പ്രസ്തുത ഹദീസ് കാണുകകാണുക:

**(അസ്സുനൻ: 2/191 ഹദീസ് നമ്പർ: 567)**



٥٦٧ ـ حدثنا الشافعي رحمه الله، عن مالك، عن هلال بن أسامة، عن عطاء بن يسار، عن عمر بن الحكم أنه قال:

أتيت رسول الله ﷺ، فقلت: يا رسول الله: إن جارية لي كانت ترعى غنماً لي، فجئتها، وفقدت (٢) شاة من الغنم، فسألتها عنها، فقالت: أكلها الذئب، فأسفت عليها، وكنت امرءاً من بني آدم، فلطمت وجهها، وعليَّ رقبة، أفأعتقها؟ فقال لها رسول الله ﷺ: أين الله؟ فقالت: في السماء، فقال: من أنا؟ فقالت: أنت رسول الله ﷺ، فقال: أعتقها، فقال عمر «ابن الحكم» (٣): يا رسول الله أشياء كنا

*അർത്ഥം:* "ഇമാം ശാഫിഈ(റ) പറഞ്ഞു: ഉമറുബ്നു ഹകമിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: ഞാൻ നബി(ﷺ)യുടെ അടുത്തുചെന്നു പറഞ്ഞു: അല്ലയോ തിരു ദൂതരേ, എനിക്ക് ആടുകളെ നോക്കുന്ന ഒരു അടിമസ്ത്രീ ഉണ്ടായിരുന്നു. ഒരു ദിവസം ഞാൻ അവളുടെ അടുത്തു ചെന്നു. അപ്പോൾ ഒരു ആട് എനിക്ക് ഇല്ലാതായിരിക്കുന്നു. അവളോട് അതിനെ കുറിച്ച് ഞാൻ ചോദിച്ചു. അപ്പാൾ അവൾ പറഞ്ഞു: അതിനെ ചെന്നായ തിന്നിരിക്കുന്നു. ഞാൻ അതിന്റെ പേരിൽ ദുഃഖിതനായി. ഞാൻ ഒരു മനുഷ്യനായതുകൊണ്ട് ദേഷ്യത്താൽ അവളുടെ മുഖത്ത് ഒരടികൊടുത്തു. (പിന്നീട് എനിക്ക് അതിനെക്കുറിച്ച് ഖേദം തോന്നി) ഒരു അടിമയെ മോചിപ്പിക്കാൻ എനിക്ക് ബാധ്യതയുണ്ട്. അതിനാൽ ഞാൻ അവളെ മോചിപ്പിച്ചാൽ മതിയാകുമോ? (അപ്പോൾ അവൾ ഒരു വിശ്വാസിനിയാണോ എന്ന് പരിശോധിക്കുവാൻ വേണ്ടി) തിരുമേനി(ﷺ) അവളോട് ചോദിച്ചു: അല്ലാഹു എവിടെയാണ്? അവൾ പ്രതിവചിച്ചു: ഉപരിലോകത്ത്. ഞാൻ ആരാണെന്ന് പ്രവാചകൻ വീണ്ടും ചോദിച്ചു: അവൾ പറഞ്ഞു: താങ്കൾ അല്ലാഹുവിന്റെ ദൂതനാണ്. അപ്പോൾ നബി(ﷺ) എന്നോട് പറഞ്ഞു: നീ അവളെ മോചിപ്പിക്കുക. (അവൾ വിശ്വാസിനിയാണ്.)" *(അസ്സുനൻ: 2/191 ഹദീസ് നമ്പർ: 567)*

നോക്കൂ, ഇവിടെ ഒരു അടിമ സ്ത്രീയെ മോചിപ്പിക്കാൻ വേണ്ടി അവളുടെ വിശ്വാസം പരിശോധിക്കാൻ, അവളോട് അല്ലാഹുവിനെക്കുറിച്ച് നബി(ﷺ) ചോദിച്ച ഏക ചോദ്യം അല്ലാഹു എവിടെയാണെന്നാണ്. അതിന് അവൾ പറഞ്ഞ മറുപടിയാകട്ടെ നാം നേരത്തെ വിശദീകരിച്ചതുപോലെ ഉപരിലോകത്താ(ഉന്നതിയിലാ)ണെന്നും. അപ്പോൾ അല്ലാഹുവിനെ കുറിച്ച് നമ്മുടെ വിശ്വാസവും അപ്രകാരമായിരിക്കണമെന്നാണ് ഇമാം ശാഫിഈ(റ) ഉദ്ധരിച്ച ഈ ഹദീസ് നമ്മെ പഠിപ്പിക്കുന്നത്.